## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 2016ലെ വരൾച്ച - ദുരിതാശ്വാസ പ്രവർത്തനങ്ങൾ -- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും തുക ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.1466/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 16.04.2016

പരാമർശം:- 1. സ.ഉ. (സാധാ)285/2016/ഡിഎംഡി തീയതി 26.03.2016.
2. സ.ഉ. (സാധാ)298/2016/ഡബ്ലിയു.ആർ.ഡി തീയതി 28.03.2016.

### ഉത്തരവ്

മേൽ പരാമർശം (1) സർക്കാർ ഉത്തരവുപ്രകാരം 2016 ലെ വേനൽക്കാലത്ത് സംസ്ഥാനത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പരാമർശം (2) പ്രകാരം ഇതേ ആവശ്യത്തിന് കേരള വാട്ടർ അതോറിറ്റിക്ക് ഫണ്ട് അനുവദിച്ചും മാർഗനിർദ്ദേശം നൽകിയും സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ തുടർച്ചയായി ജില്ലാ കളക്ടർമാർ വരൾച്ച ബാധിതമെന്ന് പ്രഖ്യാപിക്കുന്ന / പ്രഖ്യാപിച്ചിട്ടുള്ള പ്രദേശം ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത്/നഗരസഭ/മുനിസിപ്പൽ കോർപ്പറേഷനുകളിൽ സംസ്ഥാന/കേന്ദ്ര സർക്കാരിന്റെ മറ്റു വകുപ്പുകളോ ഏജൻസികളോ നടപ്പിലാക്കാത്ത, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ 31.05.2016 വരെ നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

| തദ്ദേശ സ്വയംഭരണ സ്ഥാപനം | ചെലവാക്കാവുന്ന പരമാവധി തുക (ലക്ഷം രൂപ) |
|---|---|
| ഗ്രാമപഞ്ചായത്ത് | അഞ്ച് ലക്ഷം രൂപ |
| നഗരസഭ | പത്ത് ലക്ഷം രൂപ |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇരുപത്തിയഞ്ച് ലക്ഷം രൂപ |

2)പ്രസ്തുത പരമാവധി തുക തനത് നിധിയിൽ നിന്നോ പരമ്പരാഗത ചുമതലകൾ, ആസ്തികളുടെ/റോഡിതര ആസ്തികളുടെ സംരക്ഷണം, വികസനവും അഭിവൃദ്ധിപ്പെടുത്തലും തുടങ്ങിയവക്കായുള്ള നിധികളിൽ നിന്നോ പഞ്ചായത്ത് കമ്മിറ്റി/നഗരസഭാ കൗൺസിലിന്റെ തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്.

3) **ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും, മുനിസിപ്പൽ കോർപ്പറേഷനുകളും മേൽ നിശ്ചയിച്ചിട്ടുള്ള പരമാവധി തുക അധികരിക്കുന്ന രീതിയിലുള്ള വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ യാതൊരു കാരണവശാലും ഏറ്റെടുക്കാൻ പാടില്ലാത്തതാണ്.**

4) പ്രസ്തുത ധനവിനിയോഗത്തിലൂടെ നടത്തുന്ന എല്ലാത്തരം പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകളിലും വെബ് സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതും വരൾച്ചക്കുശേഷം ചേരുന്ന ഗ്രാമസഭ/വാർഡു സഭകളിൽ സമർപ്പിച്ച് ചർച്ച ചെയ്യേണ്ടതുമാണ്. ജലവിതരണം ചെയ്യുന്ന ടാങ്കർലോറികളുടെ ട്രിപ്പ് ഷീറ്റുകൾ ബന്ധപ്പെട്ട വാർഡ് പ്രതിനിധിയും, എ.ഡി.എസ്. ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

5) കേരള നിയമസഭയിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ മാതൃകാ പെരുമാറ്റച്ചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ്.

1) കുടിവെള്ള വിതരണ പ്രവർത്തനവുമായി ബന്ധപ്പെട്ട നേട്ടം അവകാശപ്പെട്ട് ഇലക്ട്രോണിക്/ അച്ചടി/ റേഡിയോ/ ഇന്റർനെറ്റ് തുടങ്ങിയവയിലൂടെ യാതൊരുവിധ പ്രചാരണ പ്രവർത്തനങ്ങളും പാടുള്ളതല്ല.
2) പൊതുയോഗങ്ങളിൽ പ്രസംഗിക്കുമ്പോഴോ പൊതുജനങ്ങളോടോ മാധ്യമങ്ങളോടോ സംസാരിക്കുന്ന അവസരങ്ങളിലോ രാഷ്ട്രീയനേതാക്കൾ പ്രസ്തുത പ്രവൃത്തിയെ പരാമർശിക്കാൻ പാടുള്ളതല്ല.
3) മേൽകുടിവെള്ള വിതരണപദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾ, സംസ്ഥാനമന്ത്രിമാർ തുടങ്ങിയവർ ഉൾപ്പെടെയുള്ള യാതൊരു രാഷ്ട്രീയ പ്രവർത്തകരോ രാഷ്ട്രീയപാർട്ടികളോ ഇടപെടാൻ പാടുള്ളതല്ല.
4) കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച മാതൃകാപെരുമാറ്റ ചട്ടത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ഐ. ഷേക്ക് പരീത്,
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് എല്ലാ നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്)

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഈ ഉത്തരവിനനുസൃതമായ മാറ്റങ്ങൾ ''സാംഖ്യ''യിൽ വരുത്തുന്നതിനും, വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി)

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / എൽ.ബി.എ &എ), കേരള, തിരുവനന്തപുരം.

ജലവിഭവ വകുപ്പ് /ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്/ റവന്യൂ വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ്

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.

സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു: പഞ്ചായത്തും സാമൂഹ്യനീതിയും /നഗരകാര്യവും ന്യൂനപക്ഷക്ഷേമവും / ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിമാരുടെ പി.എസ്സിന്.

തദ്ദേശസ്വയംഭരണ സെക്രട്ടറി (ഗ്രാമവികസനം / നഗരകാര്യം) യുടെ പി.എസ്സിന്.

തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.